(എച്ച്) സ്റ്റുഡന്റൈനൽ.

(ഐ) 40 പേർ.

ഡിപ്ലോമാ ഒന്നും ഇല്ല. അവർക്ക് റെവന്യൂ ഇൻസ്പെക്ടർ ഉദ്യോഗത്തിനു വേണ്ട സർവ്വീസിനിടയിലും, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകളും ഉണ്ട്.

(ജെ) അല്ല. സർവ്വീസിൽ ഇരിക്കുമ്പോൾ റെവന്യൂ ഇൻസ്പെക്ടർമാരായി നിയമിക്കുന്നതാണ്.

REVISION OF PAY—POSTS ABOVE Rs. 100—INFORMATION REGARDING

510. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) 1121-ൽ 100 ഉറുപ്പികക്ക് മേൽ ശമ്പളമുള്ള എത്ര തസ്തികകളുടെ ശമ്പള ഗ്രേഡു വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ മുമ്പത്തേതും ഇപ്പോഴത്തേതും ആയ ഗ്രേഡുകൾ എന്താണ്;

(സി) ആ ഗ്രേഡുകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ ആരെല്ലാം;

(ഡി) അവർ ഏതേത് സമുദായത്തിൽ പെട്ടവർ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

(എ) 2.

(ബി), (സി) & (ഡി) അനുബന്ധം നോക്കുക. (Appendix I)

DELAY IN THE SUPPLY OF SCHOOL BOOKS—DETAILS REGARDING

511. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലത്തെ സ്കൂൾ പാഠപുസ്തകങ്ങളിൽ ഏതെല്ലാമാണ് സ്കൂൾ തുറന്നസമയത്തു സുലഭമായിട്ടില്ലാതിരുന്നതെന്ന് ഗവൺമെന്റിനു പറയുവാൻ സാധിക്കുമോ;

(ബി) അത്തരം ഓരോ പുസ്തകത്തിന്റേയും പ്രസാധകനോ, ഏജന്റോ ആരാണ്;

(സി) തക്കസമയത്തു പുസ്തകങ്ങൾ തയ്യാറാക്കാതിരുന്നതിന്റെ കാരണങ്ങൾ എന്ത്;

(ഡി) ഇപ്പോഴും സുലഭമായിട്ടില്ലാത്ത പുസ്തകങ്ങൾ ഏതെല്ലാം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) കൃത്യമായി പറയുവാൻ നിവൃത്തിയില്ല. 8-ാംക്ലാസ്സ് ഇംഗ്ലീഷുപുസ്തകമാണ് ധാരാളമായി കിട്ടുവാൻ ഇല്ലെന്നുള്ള ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതു.

(ബി) "തോമസ്സ് നെൽസൺ ആൻഡ് സൺസ്, എഡിൻബറൊ" ആണ് ഇതിന്റെ പ്രസാധകന്മാർ. ഓഫീസ് മാറ്റ് നോളജ്, ട്രിവാന്ഡ്രമാണ് അവരുടെ ഏജന്റ്.

(സി) പുസ്തകങ്ങൾ ഉദ്ദേശിച്ചമാതിരിയിൽ ഇംഗ്ലണ്ടിൽനിന്നും എത്തിച്ചേരുവാൻ സാധിക്കാഞ്ഞതിനാൽ.

(ഡി) അഞ്ചാംക്ലാസ്സു പുസ്തകങ്ങൾ ഒഴിച്ച് ഇന്നിന്ന പുസ്തകങ്ങൾ കിട്ടാനില്ലെന്നുള്ള ആക്ഷേപങ്ങൾ ഇപ്പോൾ ഇല്ലാത്തതിനാൽ ശരിയായ മറുപടി പറയുവാൻ നിവൃത്തിയില്ല.

DEEP-SEA FISHING—DETAILS REGARDING

512. Mr. M. I. Paul *(Narakkal):* Will Government be pleased to state.—

(*a*) how far the scheme of Deep Sea Fishing has progressed in the State;

(*b*) have the Government sent students to other places for training in Deep Sea Fishing; if so, how many students and what is their position now;

(*c*) whether the Government are aware that Deep Sea Fishing is going on in British Cochin:

(*d*) are the Government aware that the fishing there is a success?

Rao Sahib K. Ayyappan *(Minister for Public Works):*

(*a*) Government are conducting Deep Sea Fishing with hook and line and harpoons for sharks and drift nets for other big varieties of fish. So far the operations could not be conducted satisfactsrily throughout the season in the year on account of unsatisfactory labour, supervision difficulties, etc. These difficulties are being surmounted and with the newly purchased M. F. vessel for supervision purposes it is hoped that better progress will be achieved in 1123.

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib K. Ayyappan]

(*b*) Government have not sent students for training in Deep Sea Fishing alone. A few candidates have been given general training in fishery subjects including Deep Sea Fishing.

(*c*) Yes.

(*d*) Government have no information.

"KUTTADAN" CROP—FAILURE OF

513. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു മാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലത്തെ കുട്ടാടൻ കൃഷി നഷ്ടപ്പെട്ടുപോയതായി ഗവൺമെണ്ടിന്നറിയാമോ;

(ബി) കൃഷിക്കാർക്ക് എത്ര നഷ്ടപരിഹാരം നൽകുവാനാണ് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്;

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ൧൯൨൨ വൃശ്ചികത്തിലെ അതിവർഷം മൂലം വിളവിൽ അല്പം കുറവുണ്ടായി എന്നല്ലാതെ വിളവു തീരെ നഷ്ടപ്പെട്ടതായി ഗവൺമെണ്ടിന്നറിവില്ല.

(ബി) വിളവു കുറവുള്ള സംഗതികളിൽ നികുതി ഇളവുചെയ്യുകൊടുക്കുന്ന പതിവില്ല.

GOVERNMENT ACTION ON CASES OF OPPRESSION OF DEPRESSED CLASSES

514. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചില സ്ഥലങ്ങളിൽ ലോക്കൽ പോലീസ്സ് അധഃകൃതമർദ്ദനക്കേസ്സുകളിൽ പലതും രാജിയാകുവാൻ ആവലാതിക്കാരെ അന്യായമായി നിർബ്ബന്ധിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നവെന്നുള്ള പരാതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെണ്ടിൽനിന്നും എത്ര നടവടികളാണ് എടുത്തിട്ടുള്ളതു്;

(സി) മേൽപറഞ്ഞ പരാതി എവിടെനിന്നെല്ലാമാണ് ഗവൺമെണ്ടിനു കിട്ടിയിട്ടുള്ളതു്?

റാവു സാഹിബ്ബ് എ. മാധവപ്രഭു:

(എ) ഉവ്വ്.

(ബി) അവയെപ്പറ്റി അന്വേഷിച്ചു വരുന്നുണ്ടു്.

(സി) കൊടുങ്ങല്ലൂരിൽനിന്നും തലപ്പിള്ളി താലൂക്കിൽനിന്നും.

'MASAPADIES' IN THE EDUCATION DEPARTMENT—DETAILS REGARDING

515. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസവകുപ്പിൽ ആകെ എത്ര മാസപ്പടിമാരാണ് ഉള്ളതു്;

(ബി) അവരിൽ അധഃകൃതർ എത്ര;

(സി) ഇക്കൊല്ലത്തിൽ ആകെ എത്ര മാസപ്പടിമാരെ നിയമിച്ചിട്ടുണ്ടു്;

(ഡി) അവരിൽ അധകൃതർ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ;

(എ) ഗൗ.

(ബി) ൦.

(സി) ൪ ൪.

(ഡി) ൦.

CHELLANAM PIPE LINE—TENDERS OF

516. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചെല്ലാനം പൈപ്പ്ലൈൻ പണി ടെണ്ടർ വിളിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഏറ്റവും കുറഞ്ഞ ടെണ്ടർ ആരുടേതായിരുന്നു; എന്തായിരുന്ന ടെണ്ടർ തുക;

LIBRARY ARCHIVES Kerala Legislative Assembly